DESPATCHED On..20/2/2020
31/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.799(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.4923/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സി.കെ. ബാലകൃഷ്ണൻ,
ചേരികുന്നുമ്മൽ വീട്,
'സുദർശൻ, കൊയിലാണ്ടി,
കോഴിക്കോട് – 673 305.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ, കേരള, പുന്നൻ റോഡ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & അഡീഷണൽ സെക്രട്ടറി (നിയമം), സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ, കേരള, പുന്നൻ റോഡ്, തിരുവനന്തപുരം

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ കൊയിലാണ്ടി നഗരസഭ കൗൺസിലുമായി ബന്ധപ്പെട്ട ഒരു ഫയലിലെ വിവരങ്ങൾ ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് പരാതി. ടിയാന്റെ പേരിൽ നഗരസഭ കൗൺസിലിന്റെ 20.03.2012ലെ തീരുമാനപ്രകാരം നടപടി എടുക്കുന്നതിന് ആധാരമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പാണ് ആവശ്യപ്പെട്ടത്.

2. ഇതുമായി ബന്ധപ്പെട്ട് 08.05.13ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് 28.06.13ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾക്ക് (103 പുറം) 206 രൂപ അടയ്ക്കാൻ 04.07.2012ൽ കത്ത് നൽകി. 28.07.2012ലെ കത്തിൽ പ്രസ്തുത രേഖകൾ മുഴുവൻ ടിയാന് ആവശ്യമില്ലെന്നും അവയിൽ ചിലത് മാത്രം മതിയെന്നും അറിയിച്ചതിനെ തുടർന്ന് ആവശ്യമുള്ള 28 പേജുകൾക്ക് 56 രൂപ അടയ്ക്കാൻ 09.08.2012ലെ കത്ത് മുഖേന അറിയിച്ചു. ആ പണം അടച്ചതിനെ തുടർന്ന് 04.09.2012ലെ രേഖകൾ ടിയാന് അയച്ചു നൽകുകയും ചെയ്തു.

3. ഇതിനു ശേഷം കമ്മീഷൻ 31.01.2020ൽ തിരുവനന്തപുരത്തെ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. ടിയാൻ രേഖാമൂലം കമ്മീഷന് മൊഴി നൽകി. അപേക്ഷകൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചപ്പോൾ രേഖകൾ സാക്ഷ്യപ്പെടുത്തി നൽകണമെന്ന് ആവശ്യ പ്പെടാതിരുന്നത് മൂലമാണ് അങ്ങനെ ചെയ്തിരുന്നത് എന്ന് ഒന്നാം എതിർകക്ഷി പറ ഞ്ഞു. അപേക്ഷകൻ സൂചിപ്പിക്കുന്ന റെവ്യൂ പെറ്റീഷന്റെ കാര്യത്തിൽ പല തവണ അപേക്ഷിച്ചിട്ടും ഇന്നു വരെ ഒരു മറുപടി ലഭിക്കാത്തതും ഇതേ നഗരസഭയ്ക്ക് എതിരെ താൻ 27.10.2010ൽ അയച്ച രണ്ടാം അപ്പീലിന്മേൽ ഒരു വിവരവും സംബന്ധിച്ച് ടി ഫയൽ 376(2)/2008/SIC അപ്പീലുമായി ബന്ധപ്പെട്ടതാണ് എന്നും, ടി അപ്പീലിന്മേൽ 11.02.2009ൽ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ് എന്നും, ടി ഉത്തരവ് റിവ്യൂ ചെയ്യുന്നതിന് വ്യവസ്ഥയില്ലെന്ന വസ്തുത ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് എന്നും പറ ഞ്ഞു. ടി ഫയൽ ചട്ട പ്രകാരം 1.03.2016ൽ നശിപ്പിച്ചിട്ടുള്ളതാണ് എന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധി ച്ചതിൽ ടിയാൻ പറയുന്ന വാദമുഖങ്ങൾ വസ്തുതാപരവും ന്യായവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിനാൽ ടി അപ്പീൽ ഹർജി യിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ജനുവരി മാസം 31-ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.